പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4810 | 21/10/2011 ൽ മറുപടിയ്ക്ക്

## ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്; | (എ) | സംസ്ഥാനത്തെ അർഹരായ എല്ലാ ഭൂരഹിത ഭവനരഹിതർക്കും വീട് നിർമ്മിച്ചു നൽകുന്നതിനാണ് ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | എത്ര വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി, സി & ഡി) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഇതുവരെ 85591 വീടുകൾ പൂർത്തീകരിച്ചു നൽകുകയും 134930 വീടുകളുടെ നിർമ്മാണം വിവിധഘട്ടങ്ങളിലായി പുരോഗമിച്ചു വരികയും ചെയ്യുന്നു. |
| (സി) | ബാക്കി വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ഇ.എം.എസ് ഭവന പദ്ധതിയനുസരിച്ച് ആരംഭിച്ച വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ഇ) | ഇ.എം.എസ് ഭവന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി പദ്ധതിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ